(Pages : 4) **N – 3851**

**Reg. No. : .............................**

**Name : .................................**

# First Semester B.A. Degree Examination, June 2022

## First Degree Programme under CBCSS

## Malayalam : Language, Culture and Literature

## Core Course

## ML 1141 : നോവൽ, ചരിത്രവും, പാഠവും

## (2020 Admission)

Time : 3 Hours Max. Marks : 80

I. **ഒരു** വാക്കിലോ പരമാവധി **രണ്ടു** വാക്യത്തിലോ ഉത്തരമെഴുതുക.

1. തരകൻസ് ഗ്രന്ഥവരിയുടെ കർത്താവ്.

2. മലയാളനോവലിന്റെ നൂറുവർഷത്തെ ആധാരമാക്കി പി.കെ. രാജശേഖരൻ എഴുതിയ നിരൂപണഗ്രന്ഥം.

3. 'തീർത്ഥാടനം' എന്ന ചലച്ചിത്രത്തിനാധാരമായ നോവൽ.

4. 'പാലേരിമാണിക്യം ഒരു പാതിരാക്കൊലപാതകത്തിന്റെ കഥ' എഴുതിയതാര്?

5. അധികാരത്തിന്റെ ഉള്ളറകളിലേക്കു വെളിച്ചം വീശുന്ന തകഴിയുടെ നോവൽ.

6. 'പ്രവാചകന്റെ വഴി' എഴുതിയതാര്?

7. 1993-ലെ വയലാർ അവാർഡ് ലഭിച്ച ആനന്ദിന്റെ നോവൽ.

**P.T.O.**

8. പാറപ്പുറത്ത് എന്ന തൂലികാനാമത്തിൽ അറിയപ്പെട്ട എഴുത്തുകാരൻ.

9. മാവേലിമൻറം എന്ന നോവലിന്റെ കർത്താവ്.

10. ഖസാക്കിന്റെ ഇതിഹാസത്തിന്റെ പശ്ചാത്തലമായ ദേശം ഏത്?

**(10 × 1 = 10 Marks)**

II. **ഒരു** ഖണ്ഡികയിൽ കവിയാതെ **എട്ടു** ചോദ്യത്തിനുത്തരമെഴുതുക.

11. യോഗീശ്വരന്റെയും കുന്ദലതയുടെയും വാസസൗഖ്യം രാജാക്കന്മാരുടേതിനേക്കാൾ അധികമാണെന്നു പറയാൻ കാരണമെന്ത്?

12. നോവൽ രചനയെപ്പറ്റി ശിവരാമമോനോന്റെ അഭിപ്രായമെന്ത്?

13. 'ചിലമ്പിനേത്ത് ചന്ത്രക്കാറൻ ഭരിച്ചാൽ തിരുവിതാംകോട് ഭരുമോന്ന് നോക്കിക്കളയാം' - സന്ദർഭവും ആശയവും വിശദമാക്കുക.

14. താൻ മഹാബലവാനായിത്തന്നെ വളരുന്നു എന്ന് ഭീമൻ തിരിച്ചറിഞ്ഞതെങ്ങനെ?

15. ഫാത്തിമയ്ക്കും ടിപ്പുവിനുമിടയിൽ അദൃശ്യമായൊരു വൈഫൈ ശൃംഖല പ്രവർത്തിക്കുന്നുണ്ടെന്ന് ആസിഫിനു തോന്നിയതെന്തുകൊണ്ട്?

16. മാനമ്പള്ളിയിലെ ഉണ്ണിയുടെ കുടിവെപ്പ് തങ്കത്തിനു സങ്കടകാരണമായിത്തീർന്നതെന്തുകൊണ്ട്?

17. 'ഒമ്പതുവയസ്സുള്ളൊരു കുട്ടി കാണുന്നലോകം നിങ്ങൾക്ക് കാണാനാവുന്നില്ലല്ലോ' - ആരുടെ വാക്കുകൾ? സന്ദർഭമേത്?

18. 'അടി നമ്മ ഒരുമിച്ചു നിന്നാലേ കാര്യമൊക്കൂ. തമ്രാക്കമ്മാര് ഒരുമിച്ചാ നിക്കുന്നേ' - സാഹചര്യം വിശദമാക്കുക.

19. കുരുവംശത്തിന്റെ ഖ്യാതി ഭാരതം മുഴുവൻ പരക്കുന്നത് കുമാരന്മാരുടെ പേരിലായിരിക്കും എന്ന് ഭീമൻ കരുതാൻ കാരണമെന്ത്?

20. കളപ്രാക്കോട്ടയിൽ നിന്നും കേശവപിള്ള പുറത്താക്കപ്പെടാൻ കാരണമെന്ത്?

21. ശാമു മോനോനും കർപ്പൂരയ്യരും തമ്മിലുള്ള സംഭാഷണത്തിന്റെ പ്രത്യേകതയെന്ത്?

22. കുന്ദലതയുടെ വിദ്യാഭ്യാസരീതി വിവരിക്കുക.

23. അപസർപ്പകനോവൽ എന്നാലെന്ത്?

24. 'പെണ്ണ് ഏതു നിലയിലും ആണിനെ പേടിക്കേണ്ടതല്ലേ' - മജീദ് ഇങ്ങനെ ചിന്തിക്കാൻ കാരണമെന്ത്?

25. 'ഇത് പറഞ്ഞപ്പോൾ ദേവകി മാനമ്പള്ളിയുടെ കഴുത്തിൽ ഇറുക്കിക്കെട്ടിയിരുന്ന ചരടിലെ ചെറുതാലി വിറച്ചുവിറച്ചു മിനുങ്ങിയിരുന്നു' - സാഹചര്യം വ്യക്തമാക്കുക.

26. 'നമ്മുടെ സമുദായത്തിനുമാത്രം എന്തിനാണ് ഈ വൃത്തികെട്ട ഏർപ്പാടുകൾ' - മജീദിന്റെ ചോദ്യത്തിനടിസ്ഥാനമെന്ത്?

**(8 × 2 = 16 Marks)**

III. **നൂറ്റിയിരുപതു** വാക്കിൽ കവിയാതെ ഏതെങ്കിലും **ആറു** ചോദ്യത്തിനുത്തരമെഴുതുക.

27. ശിഷ്യരുടെ അഭ്യാസബലങ്ങൾക്ക് ദ്രോണർ നേരത്തേതന്നെ അതിരുകൾ നിശ്ചയിച്ചിരുന്നുവെന്ന് ഭീമനു തോന്നിയതെന്തുകൊണ്ട്?

28. മരുഭൂമികൾ ഉണ്ടാകുന്നത് എന്ന നോവലിന്റെ 51-ാം അദ്ധ്യായം, അധികാരം മനുഷ്യനെ വിഭജിക്കുന്നതിന്റെ ചരിത്രമാണ് - വിലയിരുത്തുക.

29. ഫാത്തിമയുടെ കുറിപ്പുകൾ അവളുടെ സ്വത്വസംഘർഷത്തിന്റെ രേഖപ്പെടുത്തലായി മാറുന്നതെങ്ങനെ?

30. കുട്ടനാടൻ പുലയരുടെയിടയിലെ മത്സരം നാട്ടിലെ ക്ഷാമം തീർത്തിരുന്നതെങ്ങനെ?

31. യോഗക്ഷേമനാടകങ്ങൾ എന്നാലെന്ത്?

32. സുമിത്രാനന്ദയോഗിയുടെ പർണ്ണശാലയുടെ സവിശേഷതയെന്ത്?

33. മജീദിന്റെയും സുഹ്റയുടെയും ജീവിതം ദുരന്തപൂർണ്ണമായതെങ്ങനെ?

34. കുന്ദന്റെ കാഴ്ചപ്പാടിൽ, മരുഭൂമികൾ ഉണ്ടാകുന്നതെങ്ങനെയാണ്?

35. ആനന്ദിന്റെ കൃതികളിലെ ഭൂമിശാസ്ത്രസവിശേഷതകളെ പരിചയപ്പെടുത്തുക.

36. താനൊരു നിയമം ലംഘിച്ചിരിക്കുന്നു എന്നു ഭീമനു തോന്നുന്നതെപ്പോൾ?

37. ചന്ത്രക്കാറനെ സി.വി. അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ?

38. കോരന്റെ പരിണാമം, കുട്ടനാടിന്റെ രാഷ്ട്രീയചരിത്രത്തിന്റെ അടയാളപ്പെടുത്തലായി മാറുന്നതെങ്ങനെ?

**(6 × 4 = 24 Marks)**

IV. **മൂന്നു** പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിനുത്തരമെഴുതുക.

39. 'കേരളീയസമൂഹം നേടിയെടുത്ത അനുഭവസത്തകൾ ഭാഷയുടെയും ആഖ്യാനത്തിന്റെയും മണ്ഡലത്തിൽ മാറ്റിയെഴുതുകയും ചരിത്രവത്കരിക്കുകയും ചെയ്യുന്നതിൽ മറ്റേതുസാഹിത്യരൂപത്തെക്കാളും വലിയ വിജയമാണ് നോവൽ കൈവരിച്ചത്' - വിശകലനം ചെയ്യുക.

40. ബഷീറിന്റെ രചനാശൈലിയുടെ അനന്യത ബാല്യകാലസഖിയെ അടിസ്ഥാനമാക്കി വിശദമാക്കുക.

41. ഹെർബേറിയത്തിലെ കാഴ്ചകൾ കണ്ണുതുറന്നുകാണേണ്ടത് മനുഷ്യരാശിയുടെ നിലനില്പിനാവശ്യമാണ് - വിലയിരുത്തുക.

42. മലയാളനോവൽ ശാഖയിലെ പെണ്ണെഴുത്തുകളുടെ സവിശേഷതകളെന്തെല്ലാം?

43. 'വ്യാസഭാരതത്തിൽനിന്നു ഭിന്നമായി അതിലെ കഥാപാത്രങ്ങളെ തികച്ചും മാനുഷികമായ വീക്ഷണകോണിലൂടെ നോക്കിക്കാണുകയാണ് എം.ടി.' - പരിശോധിക്കുക.

44. ആനന്ദിന്റെ നോവലുകളിലെ രാഷ്ട്രീയ സാമൂഹിക ചുറ്റുപാടുകൾ ഇന്നും പ്രസക്തമാകുന്നതെന്തുകൊണ്ട്? വിശദമാക്കുക.

**(2 × 15 = 30 Marks)**

---